# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6635 09.07.2014- ൽ മറുപടിക്ക്**

## "വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ചെറുകിട-ഇടത്തരം സംരംഭങ്ങൾ"

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ബെന്നി ബെഹനാൻ**<br>**ശ്രീ. പാലോട് രവി**<br>**ശ്രീ. കെ. ശിവദാസൻ നായർ**<br>**ശ്രീ. എ.റ്റി. ജോർജ്** | | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | ബി) | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ തുടങ്ങുന്നതിലേക്കായി ധനസഹായവും ക്ലിയറൻസുകൾ/നിരാക്ഷേപ പത്രം/ലൈസൻസുകൾ എന്നീ കാര്യങ്ങൾ വളരെ എളുപ്പവും ലളിതവുമായ രീതിയിൽ ലഭിക്കുന്നതിന് ഈ പരിപാടി ലക്ഷ്യമിടുന്നു. ഇതിൽ ഏർപ്പെടുന്ന സംരംഭകർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ, ട്രെയിനിംഗുകൾ എന്നിവ നൽകുന്നു.<br>നിക്ഷേപം പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിലില്ലായ്മയും ദാരിദ്ര്യവും ഉന്മൂലനം ചെയ്യുക, സാമൂഹിക സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുക മുതലായവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |
| സി) | സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിയതെന്ന് വിശദമാക്കുമോ; | സി) | സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.<br>(1) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ജില്ലാ/താലൂക്ക്/ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.<br>(2) സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു.<br>(3) സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടിയെടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു.<br>(4) ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകി വരുന്നു. വ്യവസായ സംരംഭങ്ങളിൽ അൻസിലറി ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് ആവശ്യമായ പ്രോത്സാഹന സഹായങ്ങളും നൽകി വരുന്നു.<br>സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി നിലവിലുണ്ടായിരുന്ന 9 പദ്ധതികൾ ഏകോപിപ്പിച്ചു കൊണ്ട് സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. |
| ഡി) | പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | Intensive Industrialization Drive പരിപാടിയനുസരിച്ച് 2013-14 വർഷം 2000 വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. അതിൽ 807 സംരംഭങ്ങൾ ആരംഭിക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**